**<u>15 -ാം കേരള നിയമസഭ</u>**

**<u>13 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3529</u>** **<u>12-03-2025 - ൽ മറുപടിയ്ക്ക്</u>**

**<u>പള്ളിമുക്കത്ത് മോട്ടോർതറയും മോട്ടോറും ട്രാൻസ്ഫോർമറും സ്ഥാപിക്കാൻ നടപടി</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | നൂറനാട്, പാലമേൽ ഗ്രാമ പഞ്ചായത്തുകളിലുള്ള കരിങ്ങാലിച്ചാൽ പുഞ്ചയിലെ പള്ളിമുക്കത്ത് മോട്ടോർതറയും മോട്ടോറും ട്രാൻസ്ഫോർമറും അനുബന്ധ ഇലക്ട്രിഫിക്കേഷനും സ്ഥാപിക്കുന്നതിനുള്ള തുക അനുവദിക്കുമോ; വ്യക്തമാക്കാമോ? | (എ) | ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-22 ജനകീയാസൂത്രണ പദ്ധതിയിലുൾപ്പെട്ട നൂറനാട് പഞ്ചായത്തിൽ കരിങ്ങാലിൽചാൽ പുഞ്ചയിലെ പള്ളിമുക്കം ക്ഷേത്രത്തിന് കിഴക്കുവശം പള്ളിമുക്കം പാടശേഖരത്തിൽ (ഏലായിൽ) പമ്പ് സ്ഥാപിക്കൽ എന്ന പദ്ധതി പ്രകാരമുള്ള പ്രവർത്തനങ്ങൾ നടത്തിയതിന് ബ്ലോക്ക് പഞ്ചായത്തിന്റെ വികസന ഫണ്ട് (ധനകാര്യ കമ്മീഷൻ അടിസ്ഥാന വിഹിതം) 3,16,800/-രൂപ (മൂന്ന് ലക്ഷത്തി പതിനാറായിരത്തി എണ്ണൂറ് രൂപ മാത്രം) അനുവദിച്ചതിൽ നിന്നും 96,000/-രൂപ മോട്ടോർ തറ റിപ്പയറിന് വേണ്ടി പള്ളിമുക്കം പാടശേഖര സമിതിക്കും, 2,20,800/-രൂപ 15 HP പമ്പ് സെറ്റ് സ്ഥാപിക്കുന്നതിന് വേണ്ടിയും 50 HP പെട്ടി പറ മോട്ടറിന്റെ റിപ്പയിറിന് വേണ്ടിയും RAIDCO ഹരിപ്പാടിനും നൽകിയിട്ടുണ്ട്. ആർ.ഐ.ഡി.എഫ് XXV സ്കീമിൽ ഉൾപ്പെടുത്തി കരിങ്ങാലിൽചാൽ പുഞ്ചയിലെ പള്ളിമുക്കം സൗത്ത് പാടശേഖരത്തിൽ 20 ലക്ഷം രൂപയുടെ മോട്ടോർ തറയും 15 Hp വെർട്ടിക്കൽ പമ്പ് സെറ്റും കെ.എൽ.ഡി.സി മുഖാന്തരം സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ ട്രാൻസ്ഫോർമറും, അനുബന്ധ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികളും ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ല. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ